## 273

മഹാത്ഭുതമേ കാൽവറിയിൽ കാണുന്ന സ്നേഹം
മഹോന്നതൻ വഹിച്ചിടുന്നു ലോകത്തിൻ പാപം
സർവ്വ ലോകത്തിൻ ശാപം !

1 ആദിയുഗങ്ങൾ തുടസ്സമായതിൻ മുൻപേ
ആദിപരാ! പാപികളെയോർത്ത നിന്നൻപേ
ആശ്രയമതാണെനിക്കുള്ളാശയിൻകൂമ്പേ!
ദിവ്യ കാരുണ്യക്കാമ്പേ!-

2 വേദനപ്പെടും മനുജനായവതാരം
മേദുര മനോഹരൻ നീ ചെയ്തതിൻസാരം
ആരറിയുന്നതിശയമേ നിന്നുപകാരം!
തവ സ്നേഹമപാരം!-

3 തിരുസഭയെ തൻനിണത്താൽ വാങ്ങുകയെന്നോ!
തിരുഹിതത്തിൻ നിർണ്ണയങ്ങളീവിധമെന്നോ!
തിരുഹൃദയമേഴകൾക്കായ് തകരുകയെന്നോ!
ദൈവം കൈവിടുകെന്നോ!-

4 സ്വർഗ്ഗസുഖമണുവളവുമനുഭവമാക്കാൻ
യോഗ്യതയില്ലഗതിയെനിക്കൽപ്പവുമോർക്കിൽ
ഭാഗ്യവശാൽ പാപിയാം ഞാൻ രക്ഷിതനായി
പാപ ശിക്ഷകൾ പോയി-

**M.E.C**